**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1669** **11-10-2024 - ൽ മറുപടിയ്ക്ക്**

**ഹരിത ക്യാമ്പസ് പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം കോളേജുകളിലാണ് ഹരിത ക്യാമ്പസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കോളേജ് വിദ്യാഭ്യാസവകുപ്പ്, സാങ്കേതിക വിദ്യാഭ്യാസവകുപ്പ്, എൽ.ബി.എസ്, ഐ.എച്ച്.ആർ.ഡി തുടങ്ങിയ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള എല്ലാ കോളേജുകളിലും ഹരിത ക്യാമ്പസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് കോളേജുകളിൽ നടപ്പിലാക്കുന്നത്; വിശദമാക്കാമോ; | (ബി) | ഹരിത ക്യാമ്പസ് പദ്ധതി പ്രകാരം ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലെ വിവിധ കോളേജുകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഹരിത ക്യാമ്പസ് പദ്ധതി സംസ്ഥാനത്ത് എല്ലാ കോളേജുകളിലും നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | ഹരിത ക്യാമ്പസ് പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെ എല്ലാ കോളേജുകളിലും കൂടുതൽ കാര്യക്ഷമതയോടും, പൊതുജന പങ്കാളിത്തത്തോടെയും വരും നാളുകളിൽ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## കോളേജ് വിദ്യാഭ്യാസവകുപ്പ്

പരിസ്ഥിതി പരിപാലനത്തിന്റെ സംസ്കാരം സമൂഹത്തിനു പകർന്ന് നൽകുന്നതിനായി ഹരിത പെരുമാറ്റ ചട്ടം പാലിച്ചുകൊണ്ട് ശുചിത്യ - മാലിന്യ സംസ്കരണം, ജല രക്ഷ , ഊർജ്ജ സംരക്ഷണം, ജൈവവൈവിധ്യ സംക്ഷണം തുടങ്ങിയ മേഖലയിൽ നിരന്തരമായ വിലയിരുത്തൽ നടത്തുന്ന സാഹചര്യത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ കോളേജ് ക്യാമ്പസുകളിലും ഹരിത ക്യാമ്പസ് പദ്ധതി നടന്നുവരുന്നുണ്ട്. കൂടാതെ, വിവിധ ക്വാളിറ്റി അസ്സസ്സ്മെന്റ് ഏജൻസികളുടെ പ്രധാനപ്പെട്ട ഒരു മാനദണ്ഡമായ ഗ്രീൻ ക്യാമ്പസ് പദ്ധതി നടപ്പിലാക്കാൻ ഓരോ ക്യാമ്പസുകളും അവരവരുടേതായ രീതിയിൽ മുന്നോട്ട് വരുന്നുണ്ട്. സർക്കാർ കോളേജുകളിലെ അക്കാദമിക അന്തരീക്ഷം വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിൽ പാരിസ്ഥിതിക ഉത്തരവാദിത്തം വളർത്തുന്നതിനുമായി ഹരിത ക്യാമ്പസ് പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജ് വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സ്റ്റാർട്ട് അപ്പ് മിഷനുമായി കൈകോർത്ത് പാലക്കാട് സർക്കാർ വിക്ടോറിയ കോളേജ്, കൊണ്ടോട്ടി സർക്കാർ ആർട്സ് & സയൻസ് കോളേജ്, കോട്ടയം സർക്കാർ കോളേജ് എന്നിവിടങ്ങളിൽ വിപുലമായ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ വിവിധ സർക്കാർ കോളേജുകളിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ സ്ഥാപിക്കുന്ന തിനും,വേസ്റ്റ് ഇൻസിനറേറ്റഴ്സ് സ്ഥാപിക്കുന്നതിനും, സോളാർ പാനൽ, മഴ വെള്ള സംഭരണികൾ മുതലായവ സ്ഥാപിക്കുന്നതിനുമായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്.

## സാങ്കേതിക വിദ്യാഭ്യാസവകുപ്പ്

- കേരളമൊട്ടാകെ ദത്തെടുത്ത 97 സ്നേഹാരാമങ്ങളുടെ നിർമ്മാണം (മാലിന്യം സ്ഥിരമായി നിക്ഷേപിക്കുന്ന സ്ഥലങ്ങളെ ഉദ്യാനങ്ങളാക്കി മാറ്റുക).
- കേരളത്തിലെ 97 ദത്തുഗ്രാമങ്ങളിൽ മാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണ പരിപാടികൾ (നിരന്തര ബോധവൽക്കരണവും തുടർ പ്രവർത്തനങ്ങളും നടന്നു വരുന്നു.
- മഴക്കാല ശുചീകരണ പ്രവർത്തങ്ങളുടെ കോ-ഓർഡിനേഷനും പങ്കാളിത്തവും.
- ക്ലീൻ ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി കാമ്പസുകളിൽ സംഘടിപ്പിക്കുന്ന വീക്കിലി ക്ലീനിങ് ഡ്രൈവുകൾ, ബോധവൽക്കരണ പോസ്റ്ററുകൾ സ്ഥാപിക്കുക, വേസ്റ്റ് വൾനറബിൾ മേഖലകളിൽ ജാഗ്രത സമിതികൾ രൂപീകരിക്കുക.
- ജല പുനരുപയോഗ സാധ്യതകളെ കുറിച്ചുള്ള പൊതുജന ബോധവൽകരണ പരിപാടികൾ.

- ഇ-വേസ്റ്റ് സുരക്ഷിതമായി കൈകാര്യം ചെയ്യേണ്ടതിന്റെയും സംസ്കരണത്തിനായി ഏജൻസികളെ ഏൽപ്പിക്കേണ്ടതിന്റെ ആവശ്യകതയെയും സംബന്ധിച്ച ബോധവത് കരണ പരിപാടികൾ.
- ഹരിത കർമ്മ സേനയുടെ പ്രാധന്യവും മാലിന്യം തരം തിരിച്ച് കൈമാറേണ്ടതിന്റെ ആവശ്യകതയും പൊതുജനങ്ങൾക്ക് ബോധ്യപ്പെടുത്തുന്ന ക്യാമ്പയ്നുകൾ.
- പരിസ്ഥിതി സാഹൃദ ഓഫീസുകൾ എന്ന ലക്ഷ്യത്തിലേക്ക് സ്ഥാപനങ്ങളെ മാറ്റുന്നതിനുള്ള നടപടികൾ.

## <u>എൽ. ബി. എസ് സെന്റർ</u>

ഹരിത ക്യാമ്പസ് പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി 2024 ജൂലൈ മാസത്തിൽ തന്നെ ഹരിത കർമ്മസേന കമ്മറ്റി രൂപീകരിക്കുകയും വിവിധ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. കോളേജിലെ ജൈവ വിഘടന ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 500 കിലോ ഗ്രാം ശേഷിയുള്ള എയറോബിക് കമ്പോസ്റ്റിങ് ബിൻ സ്ഥാപിക്കുകയും അതിൽ നിന്നും ശേഖരിക്കുന്ന വളം ഹോസ്റ്റലിലും കോളേജിലുമുള്ള സസ്യ വൈവിധ്യങ്ങൾക്ക് ഉപയോഗിക്കുന്നു. പ്ലാസ്റ്റിക്ക് പോലുള്ള ജൈവവിഘടന സാധ്യമാകാത്ത മാലിന്യങ്ങൾ വൃത്തിയാക്കി തിരുവനന്തപുരം കോർപ്പറേഷനിലെ ഹരിത കർമ്മസേന അംഗങ്ങൾക്ക് ആഴ്ച്ചതോറും നൽകി വരുന്നുണ്ട്. കൂടാതെ കോളേജ് ഹോസ്റ്റലിൽ 16 ഓളം സാനിറ്ററി നാപ്കിൻ സംസ്കരണ ഇൻസിനറേറ്റർ ഉപയോഗിച്ച് വരുന്നു. ഭക്ഷണ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടി 100 കിലോഗ്രാം ശേഷിയുള്ള ബയോഗ്യാസ്പ്ലാന്റിനും, സാനിട്ടറി നാപ്കിൻ സംസ്കരണ ഇൻസിനറേറ്റർ ജൈവവിഘടനം സാധ്യമാകാത്ത മാലിന്യങ്ങൾ ശേഖരിക്കുവാനുള്ള യൂണിറ്റുകൾ എന്നിവയ്ക്ക് വേണ്ടി തിരുവനന്തപുരം കോർപ്പറേഷൻ അധികാരികൾക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ എൻ.എസ്.എസും കോളേജ് യൂണിയനും സംയുക്തമായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

2024 ആഗസ്റ്റ് 20- ാം തീയതി പൂജപ്പുര ഏരിയയിലെ ഭവനങ്ങളും ഓഫീസുകളും ഉൾപ്പെടുത്തി ബോധവൽകരണ ക്യാമ്പയിൻ നടപ്പിലാക്കി. കൂടാതെ 2024 ആഗസ്റ്റ് 23-ാം തീയതി കോളേജ് ക്യാമ്പസിലെ വിദ്യാർത്ഥിനികളെയും സ്റ്റാഫ് അംഗങ്ങളെയും ഉൾപ്പെടുത്തി കൊണ്ട് പ്ലാസ്റ്റിക്ക് രഹിത ഹരിത ക്യാമ്പസ് ബോധവൽകരണ പരിപാടി വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള പ്രൊജക്റ്റുകളും സ്റ്റാർട്ടപ്പ് ആശയങ്ങളും നടപ്പിലാക്കാൻ അവസാന വർഷ വിദ്യാർത്ഥികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. 2024 സെപ്റ്റംബർ 20-ാം തീയതി ക്യാമ്പസ് ശുചീകരണവും നടപ്പിലാക്കിയിട്ടുണ്ട്.

## എൽ.ബി.എസ് കോളേജ് ഓഫ് എൻജിനീയറിങ് കാസറഗോഡ്

കോളേജിലെ ഹരിത ക്യാമ്പസ് പ്രവർത്തനങ്ങളുടെ ഭാഗമായി ക്യാമ്പസിന്റെ പ്രധാന കവാടത്തിനടുത്തായി ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായി 3 ഏക്കർ സ്ഥലം മാറ്റിവെച്ചിട്ടുണ്ട്. ഈ സ്ഥലത്ത് ജൈവവൈവിദ്ധ്യ ബോർഡിന്റെ ഹരിത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അതിൽ ഫ്രൂട്ട്പാർക്ക്, വിവിധ ഇനം ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. കൂടാതെ മുളിയാർ ഗ്രാമപഞ്ചായത്തിന്റെ സഹകരണ ത്തോടെ കിറ്റ് ഇന്ത്യാ ദിനത്തിൽ അമൃതവാടിക പദ്ധതി പ്രകാരം കോളേജ് ക്യാമ്പസിൽ വിവിധങ്ങളായ ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുകയും പരിപാലിച്ചുവരുകയും ചെയ്യുന്നുണ്ട്. കൂടാതെ, കോളേജിൽ പരിസ്ഥിതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നാഷണൽ സർവ്വീസ് സ്കീം (എൻ.എസ്.എസ്) ന്റെ 3 യൂണിറ്റുകൾ, ഭൂമിത്രസേന ക്ലബ്ബ്, ജൈവ വൈവിദ്ധ്യ ക്ലബ്ബ്, ബയോപാർക്ക് കമ്മിറ്റി എന്നിവ പ്രവർത്തിക്കുന്നുണ്ട്. എൻ.എസ്.എസ് സ്കീം വളണ്ടിയർമാർ അവരവരുടെ ജന്മദിനത്തിൽ ക്യാമ്പസിൽ എൻ.എസ്.എസ് ന്റെ തണൽ പദ്ധതി പ്രകാരം തണൽ വൃക്ഷങ്ങൾ നട്ടുവരുന്നുണ്ട്. ഹോസ്റ്റലിലേയും ക്യാമ്പസിലേയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മ സേനാംഗങ്ങൾക്ക് യഥാസമയം കൈമാറി മാലിന്യ മുക്തമാക്കാൻ ഉള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## ഐ.എച്ച്.ആർ.ഡി

ഐ.എച്ച്.ആർ.ഡി കോളേജുകളിൽ ഹരിത ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1) ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം.
2) പച്ചക്കറി കൃഷിത്തോട്ടം.
3) പുൽത്തകിടി നിർമ്മാണം.
4) പൂന്തോട്ട നിർമ്മാണം.
5) ശലഭ ഉദ്യാനം
6) പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് പ്രവർത്തനങ്ങൾ
7) വനം വകുപ്പിന്റെ സഹകരണത്തോടെ നഗരവനം പദ്ധതി.

(signature)
സെക്ഷൻ ഓഫീസർ